# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *254

18 .08.2017-ൽ
മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളെ ജനകീയ പങ്കാളിത്തത്തോടെ ജനസൗഹൃദമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>,,ജി. എസ്. ജയലാൽ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) ജനകീയ പങ്കാളിത്തത്തോടെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ കാര്യാലയങ്ങളാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കുമോ; | (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെ വച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) റവന്യു വകുപ്പിൽ നിന്ന് നൽകുന്ന എല്ലാ സർട്ടിഫിക്കറ്റുകളും ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) നിലവിൽ ഇ-ഡിസ്ട്രിക്ട് സംവിധാനം വഴി റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകി വരുന്നുണ്ട്. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഉൾപ്പെടെ വകുപ്പിൽ നിന്നും നൽകി വരുന്ന ബാക്കി സർട്ടിഫിക്കറ്റുകൾ കൂടി ഘട്ടം ഘട്ടമായി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം അഴിമതി നടത്തിയതിന്റെ പേരിൽ എത്ര വില്ലേജ് ഓഫീസ് ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നറിയിക്കുമോ? | (സി) ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം അഴിമതി നടത്തിയതിന്റെ പേരിൽ 46 ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

BN